ത്തുന്നു. എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും അവർക്കാവശ്യമായ ഡിറ്റർജന്റ് ഉല്പന്നങ്ങൾ കഴിയുന്നത്ര കമ്പനിയിൽ നിന്നും നേരിട്ട് ടെന്റർ കൂടാതെ വാങ്ങുന്നതിനായി സ്റ്റോർ പർച്ചേസ് മാന്വലിൽ ഇളവുവരുത്തിക്കൊണ്ട് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്.

അമ്പലമുകളിലെ എച്ച്.ഒ.സി കമ്പനി

28 (2084)ശ്രീ. എം.പി. വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലമുകളിലെ എച്ച്.ഒ.സി. കമ്പനിയുടെ സമീപത്ത് താമസിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ കേരള ഹൈക്കോടതി നിർദ്ദേശ പ്രകാരം എറണാകുളം ജില്ലാ കളക്ടറുടെ ചേമ്പറിൽ വച്ച് കമ്പനി മാനേജ്മെന്റും, മേലേത്ത് പി. നാരായണൻ നായർ മുതൽ പേരും തമ്മിൽ 9-12-1998-ൽ വച്ച കരാറിലെ വ്യവസ്ഥകൾ എന്താണ്. ഈ കരാറിൽ ഇവരുടെ ഭൂമി കമ്പനി വിലയ്ക്കെടുത്ത് ഇവരെ മാറ്റി താമസിപ്പിക്കുന്നതിന് തീരുമാനം ആയിട്ടുണ്ടോ;

(ബി) പ്രസ്തുത കരാർ പ്രകാരം പരാതിക്കാരുടെ ഭൂമി 30.4.1999-നകം കമ്പനി വിലയ്ക്കെടുത്ത് ഇവരെ മാറ്റി താമസിപ്പിക്കേണ്ടതായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കരാർ വ്യവസ്ഥ നടപ്പാക്കുന്നതിന് ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കരാറിലെ വ്യവസ്ഥകൾ താഴെപറയുന്നവയാണ്.

(1) 5.6.'98-ലെ തഹസീൽദാരുടെ റിപ്പോർട്ടിൽ നിശ്ചയിച്ചിട്ടുള്ള ഭൂമി വിലയും കരം തിരുവും അംഗീകരിച്ചു.

(2) ഒരു സർവ്വേ നമ്പർ ഒരു പ്രത്യേക വിഭാഗത്തിൽപെട്ടതാണോ അല്ലയോ എന്നതിനെ സംബന്ധിച്ച് ഉണ്ടായേക്കാവുന്ന പരാതിയിൻമേൽ, ഡെപ്യൂട്ടി കളക്ടർ (സ്ഥലമെടുപ്പ്) എറണാകുളം, തഹസീൽദാർ (കുന്നത്തുനാട്), എച്ച്.ഒ.സി.യുടെ ഒരു പ്രതിനിധി എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി തീരുമാനമെടുക്കുന്നതാണ്.

(3) ഓരോ വസ്തുവിനും കൊടുക്കേണ്ട മൊത്തം നഷ്ടപരിഹാരം മുകളിൽ നിശ്ചയിച്ചതിൻ പ്രകാരമുള്ള ഭൂമി വിലയോടുകൂടി സ്ഥലമെടുപ്പ് അവാർഡിന്റെ മറ്റു ഘടകങ്ങളും കൂടി ചേർത്ത് നിശ്ചയിക്കുന്നതാണ്.

(4) കൂടുതൽ നഷ്ടപരിഹാരത്തിനായി ഏതെങ്കിലും കോടതിയെ സമീപിക്കാൻ എതിർ കക്ഷിക്ക് അവകാശമുണ്ടായിരിക്കുന്നതല്ല. 30.4.99-നകം ഉഭയ സമ്മതപ്രകാരം സ്ഥലമെടുപ്പ് നടത്തേണ്ടതാണ്.

(5) ഒത്തു തീർപ്പിലെ മേൽപ്പറഞ്ഞ വ്യവസ്ഥകൾ 1998-ലെ 2117-ാം നമ്പർ ഒ.പി.യിലെ കക്ഷിയല്ലാത്ത സ്ഥലം ഉടമയായ ശ്രീ. എം.കെ. പരമുവിനും ബാധകമാണ്.

(6) എതിർ കക്ഷികളായ 1 മുതൽ 6 പേരും എച്ച്.ഒ.സി.യും മുകളിൽ പറഞ്ഞ അഞ്ചു വ്യവസ്ഥകളും പാലിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മുകളിലെ കരാർ വ്യവസ്ഥകളനുസരിച്ച് ഭൂമി കമ്പനി വിലയ്ക്കെടുത്ത് ഇവരെ മാറ്റി താമസിപ്പിക്കുന്നതിനും തീരുമാനം ആയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കരാർ വ്യവസ്ഥ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

കേരളാ ഹൈടെക് ഇൻഡസ്ട്രീസ് ഏറ്റെടുക്കൽ

29 (2085)ശ്രീ. പി.ജെ. ജോയി :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. എം. മുരളി :

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഹൈടെക് ഇൻഡസ്ട്രീസ് ഏറ്റെടുത്ത് നടത്തുവാൻ ഏതെങ്കിലും സ്വകാര്യ വ്യവസായികൾ മുന്നോട്ട് വന്നിട്ടുണ്ടോ; എങ്കിൽ പേര് വെളിപ്പെടുത്തുമോ;

(ബി) അവർ എന്തെല്ലാം വ്യവസ്ഥകളാണ് ഇക്കാര്യത്തിൽ മുന്നോട്ട് വച്ചത്;

(സി) അവരുടെ വ്യവസ്ഥകൾ ഗവൺമെന്റിന് സ്വീകാര്യം ആയിരുന്നുവോ;

(ഡി) അല്ലെങ്കിൽ കാരണമെന്ത്;

(ഇ) ഈ വ്യവസായത്തെ എന്ന് നവീകരിച്ച് പ്രവർത്തനക്ഷമമാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരള ഹൈടെക് ഇൻഡസ്ട്രീസ് ഏറ്റെടുക്കുന്നതിന് അമേരിക്കയിലെ 'പ്രാറ്റ് & വിറ്റ്നി' എന്ന സ്വകാര്യ സ്ഥാപനം താല്പര്യം കാണിച്ചിരുന്നു. പക്ഷെ ഇത് നിലവിലുള്ള സർക്കാരിന്റെ നയത്തിന് വിരുദ്ധമായിരുന്നതുകൊണ്ട് മേൽനടപടി സ്വീകരിച്ചില്ല.

(ബി) ഈ സ്ഥാപനത്തിന്റെ മൂലധനത്തിന്റെ 50 ശതമാനത്തിൽ കൂടുതൽ അവരുടെ അധീനത്തിൽ വരണമെന്നും അങ്ങനെ കമ്പനിയുടെ നടത്തിപ്പ് അവരുടെ നിയന്ത്രണത്തിൽ ആയിരിക്കണമെന്നുമായിരുന്നു വ്യവസ്ഥകൾ.

(സി) സ്വീകാര്യമായിരുന്നില്ല.

(ഡി) 50 ശതമാനത്തിൽ കൂടുതൽ മൂലധനം നൽകിയാൽ പൊതുമേഖലാ സ്ഥാപനം സ്വകാര്യ സ്ഥാപനമാകുമെന്നുള്ളതുകൊണ്ട് സർക്കാർ താൽപര്യം കാണിച്ചില്ല.

(ഇ) ബി.ഐ.എഫ്.ആറിൽ പോയിരിക്കുന്ന ഈ സ്ഥാപനത്തെ പുനരുദ്ധരിക്കുന്നതിന് വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരികയാണ്. ഏതാനും മാസങ്ങൾക്കകം ഈ നടപടികൾ പൂർത്തിയാക്കാമെന്നു കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly